ശ്രീ. കെ. മൊയ്തീൻകുട്ടി ഹാജി : മലപ്പുറം വിദ്യാഭ്യാസ ജില്ലയിൽപ്പെട്ട മഞ്ചേരി നേഴ്സറി സ്കൂളിനു് കഴിഞ്ഞ രണ്ടു വർഷക്കാലമായി ന്യായമായുള്ള റക്കറിംഗ്ഗ്രാം നാൺറക്കറിംഗ്ഗ്രാന്റു് കൊടുക്കുന്നില്ല. ഈ കാര്യത്തെപ്പറ്റി ആലോചിച്ചു് വേണ്ട നടപടി സ്വീകരിക്കുമോ ?

ശ്രീ. ആർ. ശങ്കർ : ഇതിനു പ്രത്യേകമായി ഉത്തരം പറയേണ്ട ആവശ്യമുണ്ടെന്നു തോന്നുന്നില്ല.

ശ്രീ. ടി. സി. നാരായണൻ നമ്പ്യാർ : നേഴ്സറി സ്കൂളുകളും പ്രൈവറ്റു് സെക്ടറിൽ നടത്തണമെന്നു ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. ഒരു പരീക്ഷണമെന്ന നിലയിൽ നടത്തിവരുന്ന പ്രൈവറ്റു് നേഴ്സറി സ്കൂളുകളിൽ പാവപ്പെട്ടവരുടെ കുട്ടികൾക്കു് ഫീസ് കൊടുത്തു പഠിക്കാൻ സൗകര്യമില്ല എന്നുള്ളതിനെ പരിഗണിച്ചു് ഈ പാവപ്പെട്ട കുട്ടികൾക്കു് പ്രീ പ്രൈമറി വിദ്യാഭ്യാസം ലഭിക്കുന്നതിനു് എന്തു നടപടിയെടുക്കാനാണു് ഗവണ്മെന്റു് ഉദ്ദേശിക്കുന്നതു് ? ഗവണ്മെന്റുതന്നെ അതിനുവേണ്ട സൗകര്യം ചെയ്തുകൊടുക്കുമോ ?

ശ്രീ. ആർ. ശങ്കർ : വാസ്തവത്തിൽ തത്വം വളരെ നല്ലതാണു്. ഗവണ്മെന്റിനു് ആ കാര്യത്തിൽ അനുഭാവമുണ്ടു്. ഇപ്പോഴുള്ള പള്ളിക്കൂടങ്ങളിലുള്ള അദ്ധ്യാപകർക്കു് ശമ്പളം മുഴുവൻ കൊടുക്കുന്നില്ലെന്നു പറഞ്ഞു് വളരെയേറെ പ്രക്ഷോഭണവും സത്യാഗ്രഹങ്ങളും നടക്കുന്ന ഈ കാലത്തു് ഇതുവരെ കൈവച്ചിട്ടില്ലാത്ത ഒരു രംഗത്തുകൂടി പ്രവേശിക്കുന്നതു് ബുദ്ധിപൂർവ്വമായിരിക്കുകയില്ലെന്നു ഗവണ്മെന്റു് വിചാരിക്കുന്നു.

പഞ്ചായത്തുകളുടെ വികസനത്തിനു് മാസ്റ്റർപ്ലാൻ.

* 867. [6] † ശ്രീമതി കുസുമം : താഴെ കാണുന്ന ചോദ്യങ്ങൾക്കു് വ്യവസായവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പഞ്ചായത്തുകളുടെ വികസനത്തിനു് മാസ്റ്റർപ്ലാൻ തയ്യാറാക്കി പ്രാവർത്തികമാക്കാൻ വല്ല പദ്ധതിയും ഗവണ്മെൻറിനുണ്ടോ ;

(ബി) മേജർ പഞ്ചായത്തുകളെ സംബന്ധിച്ചെങ്കിലും അങ്ങനെ ചെയ്യുമോ ;

(സി) തൊടുപുഴ പഞ്ചായത്തിന്റെ വികസനത്തിനു് അങ്ങനെ ഒരു പ്ലാൻ തയാറാക്കുമോ ?

വ്യവസായവകുപ്പുമന്ത്രി (ശ്രീ. കെ. എ. ദാമോദരമേനോൻ) :

(എ) പഞ്ചായത്തുകൾക്കു് പ്രത്യേകമായി മാസ്റ്റർപ്ലാൻ തയ്യാറാക്കാൻ തൽക്കാലം ഉദ്ദേശിക്കുന്നില്ല.

(ബി) ഇപ്പോഴും തയ്യാറാക്കിക്കൊണ്ടിരിക്കുന്ന എറണാകുളം, കോഴിക്കോടു്, തിരുവനന്തപുരം മേഖലാപദ്ധതികളിൽ പല പഞ്ചായത്തുകളേയും ഉൾപ്പെട്ടുത്തുണ്ടു്.

(സി) തൽക്കാലം ഉദ്ദേശിക്കുന്നില്ല.

മത്സ്യത്തൊഴിലാളികളുടെ വേനനിർമ്മാണം.

* 868. [7] ശ്രീ. ടി. കെ. രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ഹരിജനക്ഷേമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മത്സ്യത്തൊഴിലാളികളുടെ ഭവനനിർമ്മാണത്തിനും തൊഴിൽ അഭിവൃദ്ധിക്കും വേണ്ടി 1964–65–ലേക്കു് ഓരോ ജില്ലയിലും എത്ര രൂപവീതം ചെലവുചെയ്യാനാണുദ്ദേശിക്കുന്നതെന്നും, അതുകൊണ്ടു് എവിടെയെല്ലാം എന്തു പണികളും നടത്താൻ പോകുന്നുവെന്നും വ്യക്തമാക്കുമോ ;

† Put by Shri C. A. Mathew.

LIBRARY ARCHIVES Kerala Legislative Assembly